**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3259** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അനുമതി ലഭ്യമായ ശേഷം ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമങ്ങളായ NH Act 1956, RFCTLARR Act 2013 എന്നിവ പ്രകാരം നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് കേന്ദ്ര അനുമതി ലഭ്യമായിട്ടുണ്ടോയെന്നും റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരം എന്നുമുതൽ നൽകാനാകുമെന്നും വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ